റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഗവണ്മെൻറിനു് ലഭിച്ചിട്ടില്ല. എന്നാൽ സ്പെഷ്യലാഫീസ്സറുടെ റിപ്പോർട്ടു രജിസ്ട്രേഷൻ ഐ. ജി. യുടെ ശുപാർശയോടുകൂടി ഇപ്പോൾ റവന്യൂബോർഡിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) റിപ്പോർട്ടിൻെറ ഉള്ളടക്കം ഇപ്പോൾ വെളിപ്പെടുത്തുന്നതു് ശരിയല്ല.

(സി) ഉണ്ടു്.

Inter-State Roads.

* 1737. [3] ശ്രീ എൻ. കണപതി: †കീഴ് കാണുന്ന വിഷയങ്ങൾക്കു മരാമത്തു് ഇലാകാ മന്ത്രിയുടെ അവർകൾ ദയവു പകർവാർക്കുമാറാകുമോ:

(എ) (i) 1959-മേ മാസം മുടിയ ഇൻറർ സ്റ്റേറ്റ് റോഡുകൾ വേലുതുടങ്ങുവാൻ മദ്ധ്യ സർക്കാർ അനുമതി നൽകപ്പെട്ടതു് എത്രയാണു്; (ii) ഏവ ഏവയാണു്;

(ബി) കഴിഞ്ഞ പരുഷവും, അതിനു മുൻപും പല തടവകളിൽ പോടിമേട്ടു റോട്ടിനു മദ്ധ്യ സർക്കാർ അനുമതി നൽകുവാൻ വിസമ്മതിച്ചു എന്നു മന്ത്രിയവർകൾ കൂറിയുവോ: മദ്ധ്യ സർക്കാരിലിരുന്നു പോടിമേടു റോട്ടിനു അനുമതി ഇന്നുവരെ കിട്ടിയിട്ടുണ്ടോ; ഇല്ലയോ

(സി) പല വരുഷങ്ങളായിട്ടും അനുമതി നൽകാതിരിപ്പാനുള്ള വിശേഷ കാരണം ഉണ്ടോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ, ബി) താഴെ പറയുന്നവ.

മന്നാർശാല	—	ചിന്നത്തടാകം റോഡു്
ദേവികുളം	—	ബോഡിമേട്ടു റോഡു്
നെടുമങ്ങാടു്	—	ശോളൂർകോട്ടു് റോഡു്.

(സി) ജോലിക്കുള്ള സെൻറർ സ്ഥിരപ്പെടുത്തിയശേഷം ജോലി ആരംഭിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: മന്നാർശാല, ചിന്നത്തടാകം റോഡിനു അനുമതി കിട്ടിയിട്ടു എത്ര കാലമായി?

ശ്രീ. ടി. വി. തോമസ്: ഗവണ്മെൻറു് സാംഗ്ഷൻ ഉണ്ടായതു് 1-1-1959-ൽ ആണു്. ടെൻഡർ വിളിച്ചിട്ടുണ്ടു്. താമസിയാതെ ജോലി നടക്കും.

പ്രൈവറ്റു സ്കൂളുകളിലെ നാൺ ടീച്ചിംഗു് സ്റ്റാഫിൻെറ ശമ്പളം.

* 1738. [5] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) പ്രൈവറ്റു സ്കൂളുകളിലുള്ള നാൺടീച്ചിംഗു് സ്റ്റാഫിൻെറ ശമ്പളം; ഉദ്യോഗസ്ഥിരത എന്നിവയെപ്പറ്റി വല്ല രൂളുകളും പ്രസിദ്ധപ്പെടുത്തുന്നുണ്ടോ;

† As the members was absent this Question put by Shri Kunhambu with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly